**No. P 3/17**

സ്വയംസ്ഥിതനും ആദ്യന്ത്യമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കുസ്തുതി)
അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരി.പത്രോസിന്റെ അപ്പോസ്തോലീക സിംഹാസനത്തിൻ കീഴിലുള്ള
യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ കാതോലിക്കയും മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമായ

**ബസ്സേലിയോസ് തോമസ് പ്രഥമൻ**

പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ നമ്മുടെ സഹോദരന്മാരായ അഭി. മെത്രാപ്പോലീത്തന്മാർക്കും, വന്ദ്യ കോറെപ്പിസ്‌ക്കോപ്പാമാർക്കും, വന്ദ്യ റമ്പാച്ചന്മാർക്കും, ബഹു. വൈദീകർക്കും, പ്രിയ ശെമ്മാശന്മാർക്കും, നമ്മുടെ എല്ലാ പള്ളികളിലേയും ബഹു.വികാരിമാരും, സഹ വികാരിമാരും, കൈക്കാരന്മാരും, കമ്മറ്റിക്കാരും, ഭക്തസംഘടനാപ്രവർത്തകരും ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യമക്കൾക്കും കർത്താവിൽ വാഴ്‌വ്.

**പ്രിയരെ സസ്നേഹം അറിയിക്കുന്നത്,**

കാലം ചെയ്ത പരി.ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സ് ദൈവ സന്നിധിയിലേക്ക് വിളിക്കപ്പെട്ടതിന്റെ മൂന്നാം ദു:ഖ്റോനോ 2017 മാർച്ച് മാസം 21-ാം തീയതി ചൊവ്വാഴ്ചയാണ്. ഇന്ത്യയിലെ പരി.സഭയെ അതിരുകളില്ലാതെ പരി.പിതാവ് സ്നേഹിക്കുകയും കരുതുകയും ചെയ്തിട്ടുള്ളത് ഈ സന്ദർഭത്തിൽ പ്രത്യേകം സ്മരിക്കുന്നു. പരി.പിതാവിനെ ഓർത്ത് പ്രാർത്ഥിക്കുവാൻ നമ്മൾ കടപ്പെട്ടവരാണ്. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ പരി.പിതാവിന്റെ പ്രാർത്ഥനയും ദീർഘവീക്ഷണത്തോടു കൂടിയുള്ള തീരുമാനങ്ങളും പരി.സഭയ്ക്ക് എന്നും ആശ്വാസവും, പ്രതിസന്ധികളെ അതിജീവിക്കുവാൻ കരുത്തും പകർന്നു നൽകി. ഈ ഞായറാഴ്ച പരി.സഭയുടെ എല്ലാ ദൈവാലയങ്ങളിലും വി.കുർബ്ബാന മദ്ധ്യേ പരി. പിതാവിന്റെ ആത്മ ശാന്തിക്കായി പ്രത്യേകം പ്രാർത്ഥനകൾ നടത്തണമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. പരി.പിതാവിന്റെ മദ്ധ്യസ്ഥത നമുക്ക് യാചിക്കാം.

പരി.സഭയുടെ ഇടവക പള്ളികളിലെ വിവരങ്ങൾ അഞ്ചു വർഷം കൂടുമ്പോൾ പുതുക്കേണ്ടതും ആയത് സഭയുടെ തുടർന്നു വരുന്ന വർഷങ്ങളിലെ സഭാപരമായ എല്ലാ പ്രവർത്തനങ്ങൾക്കും മാനദണ്ഡമായി സഭാ ആസ്ഥാനത്ത് സൂക്ഷിക്കേണ്ടത് ആവശ്യമായതിനാൽ ഇടവക പള്ളിയുടെ സ്ഥിതിവിവരകണക്കുകൾ രേഖപ്പെടുത്തുന്നതിനുള്ള ഫോം(Form) ബഹു. പള്ളികളിലേയ്ക്ക് അയച്ചിരുന്നത് ഓർമ്മിക്കുമല്ലോ. എത്രയും വേഗം അത് കൃത്യമായി പൂരിപ്പിച്ച് 2017 മാർച്ച് മാസം 25-ാം തീയതിയ്ക്കകം സഭാ ആസ്ഥാനമായ പുത്തൻകുരിശ് പാത്രിയർക്കാസെന്ററിൽ ലഭിക്കതക്കവിധം രജിസ്ട്രേഡായോ, നേരിട്ട് എത്തിച്ചോ തരേണ്ടതാണ്. പൂരിപ്പിച്ചയ്ക്കുന്ന ഫോംമിന്റെ ഒരു കോപ്പി ബഹു. പള്ളിക്കാര്യത്തിൽ സൂക്ഷിക്കേണ്ടതാണ്.

വീണ്ടും പ്രിയരെ,

ഭാഗ്യസ്മരണാർഹനായ സത്യവിശ്വാസ സംരക്ഷകൻ പരിശുദ്ധ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ ശ്രമഫലമായി 1920 ൽ ആരംഭിച്ച സൺഡേസ്കൂൾ പ്രസ്ഥാനം 1974 മുതൽ ഒരു പുതിയ ഭരണഘടനക്കുവിധേയമായി എം.ജെ.എസ്.എസ്.എ. ആയി പ്രവർത്തിച്ചുവരുന്നു. 1975 - മെയ് 1-ാം തീയതി അസോസിയേഷന്റെ 2-ാമതു വാർഷീക പൊതുയോഗം കരിങ്ങാച്ചിറ പള്ളിയിൽ ചേർന്ന് ബലഹീനനായ നമ്മെ അതിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കുകയും നീണ്ട പത്തുവർഷകാലത്തോളം ഈ പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് എന്ന ചുമതലയിൽ തുടരുന്നതിനും ദൈവം ഇടയാക്കിയതിനെ ഓർത്തു പ്രാർത്ഥിക്കുന്നു. എം.ജെ.എസ്.എസ്.എ.യുടെ വക ഒരേക്കർസ്ഥലത്ത് 1977 ഏപ്രിൽ 30 ന് അടിസ്ഥാന ശിലയിട്ട് നിർമ്മിച്ച കേന്ദ്ര ആഫീസാണ് ഇന്നു കാണുന്ന എം.ജെ.എസ്.എസ്.എ. യുടെ ഹെഡ്ക്വാർട്ടേഴ്സ്. എം.ജെ.എസ്.എസ്.എ. എന്ന മഹാപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ഇന്ന് ഒട്ടനവധി മേഖലകളിലേക്കു വ്യാപിച്ചിരിക്കുന്നു. ധ്യാനയോഗങ്ങൾ, കൗൺസലിംഗ് ക്ലാസ്സുകൾ, കുടുംബസംഗമങ്ങൾ, ഓഫീഷ്യൽ സെമിനാറുകൾ, ക്യാമ്പുകൾ, **All India Civil Service Examination Coaching** ക്ലാസ്സുകൾ തുടങ്ങിയവ അവയിൽ ചിലതു മാത്രം. ഇവയ്ക്കു പുറമെ വിശാലമായ ഒരു ലൈബ്രറി, കോൺഫറൻസ് ഹോൾ, വിശാലമായ ഹോൾ, താമസമുറികൾ, കാർ പാർക്കിംഗ് തുടങ്ങിയവക്കുള്ള സൗകര്യങ്ങൾ കൂടി എം.ജെ.എസ്.എസ്.എ.ക്കു അനിവാര്യമായി വന്നിരിക്കുന്ന ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് നമ്മുടെ

**P.T.O.**

സഭയിലെ കുട്ടികൾ, അദ്ധ്യാപകർ, യുവതിയുവാക്കൾ തുടങ്ങി ഏവർക്കും സഹായകരമായ പ്രവർത്തനങ്ങൾക്കായി ഒരു Camp Site നിർമ്മിക്കണമെന്ന വാർഷീക പൊതുയോഗ തിരുമാനപ്രകാരം അതിന്റെ അടിസ്ഥാന ശിലാസ്ഥാപനം നാം നടത്തുകയുണ്ടായി. അതിന്റെ പണികൾ ധ്യുതഗതിയിൽ പുരോഗമിച്ചു വരികയാണ്. 3 നിലകളിലായി നിർമ്മിക്കുന്ന ഈ Camp Site Project ന് മൂന്നു കോടിയിൽപരം തുക ചെലവു പ്രതീക്ഷിക്കുന്നു. ഇപ്പോൾ 2 നിലകളുടെ കോൺക്രീറ്റു വേലകൾ പൂർത്തിയായിരിക്കുകയാണ്. എം.ജെ.എസ്.എസ്.എ. യുടെ ഈ സ്വപ്ന പദ്ധതി ഒരു വർഷത്തിനകം പൂർത്തീകരിച്ച് ആയതിന്റെ കൂദാശ നിവർത്തിക്കണമെന്ന നമ്മുടെ ആഗ്രഹം നിറവേറ്റുവാൻ തക്കവണ്ണം ഉള്ള ഉത്സാഹത്തോടെയാണ് അതിന്റെ ഭാരവാഹികൾ പ്രവർത്തിച്ചുവരുന്നത്. ഓരോ ദിവസം പിന്നിടുമ്പോഴും നിർമ്മാണചിലവു വർദ്ധിക്കുന്ന ഈ സാഹചര്യത്തിൽ എത്രയും പെട്ടെന്ന് നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നതിന് എം.ജെ.എസ്.എസ്.എ. യുടെ പ്രസിഡന്റ് നമ്മുടെ സഹോദര മെത്രാപ്പോലീത്ത അഭി. മാത്യൂസ് മോർ അഫ്രേം തിരുമേനിയുടെ നേതൃത്വത്തിൽ വളരെ ശ്ലാഘനിയമായ പ്രവർത്തനവുമായി എം.ജെ.എസ്.എസ്.എ. മുന്നേറുകയാണ്.

യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ കുഞ്ഞുങ്ങളെ വി.സഭയുടെ കാതോലികവും, ശ്ലൈഹികവും, കാനോനികവും വേദപുസ്തകപരവും, ചരിത്രപരവുമായ സത്യവിശ്വാസത്തേയും ആചാരാനുഷ്ഠാനങ്ങളേയും, അപ്പോസ്തോലിക പാരമ്പര്യങ്ങളേയും കുറിച്ച് യഥാർത്ഥ ബോധനവും, ആരാധനാ പരിശിലനവും നൽകി സദാചാര ബോധമുള്ളവരും, ജീവിതമുല്യമുള്ളവരും, അതുനിലനിർത്തി ജീവിക്കുന്നവരും ആയ രാജ്യത്തിന്റെ ഉത്തമപൗരന്മാരായി വളർത്തിക്കൊണ്ടുവരുന്നതിലൂടെയാണ് സഭയുടെ ദൗത്യം സാക്ഷാൽകരിക്കുന്നത്. അതിനു സജ്ജമാക്കുന്ന അദ്യാത്മീക വിദ്യാലയമാണ് എം.ജെ.എസ്.എസ്.എ എന്ന സൺഡേസ്കൂൾ പ്രസ്ഥാനം. അതിന്റെ വളർച്ച എന്നത് നമ്മുടെ കുഞ്ഞുങ്ങളുടെ വളർച്ചയാണ്, സഭയുടെ വളർച്ചയാണ്. ഇന്നത്തെ സമൂഹത്തിൽ ഇതിനേറെ പ്രസക്തിയുണ്ട്. നമ്മുടെ പള്ളികളും, ഇടവകാംഗങ്ങളും ഈ പ്രസ്ഥാനത്തിനു സഹായഹസ്തം നൽകുവാൻ കടപ്പെട്ടിരിക്കുന്നു അദ്ധ്യാപകരും, കുഞ്ഞുങ്ങളും ഇതിൽ പങ്കാളികളാകണമെന്ന് നാം സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. ഒരംഗം പോലും മാറിനിൽക്കാതെ ഇതിൽ പങ്കാളികളാകണം. ഇതിനുവേണ്ടി ക്രമീകരിച്ചിട്ടുള്ള കൂപ്പുണുകൾ ഓരോരുത്തരുടെയും സാമ്പത്തിക സ്ഥിതിയനുസരിച്ച് ഒന്നിലധികം വാങ്ങി ഈ സ്വപ്നപദ്ധതി യാഥാർത്ഥമാക്കുവാൻ നിങ്ങളേവരും സഹായിക്കുകയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുക, ബഹു. എല്ലാ പള്ളികളും അവരുടെ കഴിവിനൊത്തവണ്ണം സഹായിക്കണം. ഫണ്ടുശേഖരണത്തിന്റെ ഉദ്ഘാടനം എല്ലാ പള്ളികളിലും 2017 ഏപ്രിൽ 2-ാം തീയതി ഞായറാഴ്ച വി.കുർബ്ബാനയെ തുടർന്നു നടത്തേണ്ടതുമാണ്. ഈ പ്രസ്ഥാനത്തിനുവേണ്ടി സഹകരിക്കുകയും പ്രവർത്തനങ്ങളെ സഹായിക്കുകയും ചെയ്തു വരുന്ന ഇതിന്റെ മുഴുവൻ പ്രവർത്തകരേയും ഭാരവാഹികളേയും പ്രത്യേകം സ്മരിച്ചുകൊണ്ട് നിർത്തട്ടെ.

**സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടേയും, സകല പരിശുദ്ധന്മാരുടേയും, ശുദ്ധിമതികളുടേയും, പ്രത്യേകാൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെയും, ഇന്ത്യയുടെ കാവൽ പിതാവായ മോർ തോമാശ്ലീഹായുടേയും പ്രാർത്ഥനകളാൽതന്നെ, ആമ്മീൻ.**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ .....................

**ദൈവം അനുഗ്രഹിക്കട്ടെ**

കോട്ടയ്ക്കൽ

ആര്യവൈദ്യശാലയിൽ നിന്നും

2017 മാർച്ച് മാസം 17-ാം തീയതി

**ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക**